(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെ 230947 വിധവകൾക്കും അഗതികൾക്കും പ്രതിമാസം 110 രൂപ ക്രമത്തിൽ പെൻഷൻ നൽകുന്നുണ്ട്. 2005 മാർച്ച് വരെയുള്ള പെൻഷൻ കുടിശ്ശിക തീർത്ത് എല്ലാവർക്കും നൽകുന്നതിന് ആവശ്യമായ 4481.79 ലക്ഷം രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകഴിഞ്ഞു. ഇത് 2003-2004-ലെ 629 ലക്ഷം രൂപയുടെ കുടിശ്ശിക കൂടി ചേർന്നതാണ്.

(ബി) & (സി) ലാന്റ് റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകഴിഞ്ഞു.

പി. എ. പി. കരാറും സംസ്ഥാന താല്പര്യവും

80 [3777] *ശ്രീ. ലൂഡി ലൂയിസ്:*
,, *കെ. എ. ചന്ദ്രൻ:*
,, *വർക്കല കഹാർ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എ. പി. കരാറിന്റെ കാലാവധി അവസാനിച്ചിട്ട് എത്ര കാലമായി;

(ബി) ഇതിനകം നടത്തിയ ചർച്ചകളിൽ കേരളത്തിന്റെ താല്പര്യങ്ങൾ അംഗീകരിക്കുവാൻ തമിഴ്നാട് വൈമുഖ്യം പ്രദർശിപ്പിക്കുന്ന സാഹചര്യത്തിൽ കരാർ പുതുക്കാതിരുന്നതിന്റെ പ്രയോജനം കിട്ടിയത് തമിഴ്നാടിനാണോ കേരളത്തിനാണോ എന്ന് പറയുമോ;

(സി) കരാർ പുതുക്കാത്ത സാഹചര്യത്തിൽ കേരളത്തിന് പ്രയോജനം കിട്ടാത്ത പക്ഷം ഇക്കാര്യം കോടതിയിലോ മദ്ധ്യസ്ഥരുടെ മുൻപിലോ കൊണ്ടുപോകാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) അതിനു തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കരാർ ഏകപക്ഷീയമായി വേണ്ടെന്ന് വയ്ക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി. എ. പി. കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. 30 വർഷം കഴിയുന്ന മുറയ്ക്ക് കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

(ബി) പി. എ. പി. കരാറിലെ വ്യവസ്ഥ പ്രകാരം തമിഴ്നാടിന് നൽകേണ്ട ആന മലയാറിലെ ജലവും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ തമിഴ്നാടിന് നൽകേണ്ട നീരാറിലെ ജലവും തമിഴ്നാടിന് കൊടുക്കാതിരിക്കുന്നത് കേരളത്തിനു കിട്ടുന്ന പ്രയോജനമാണ്. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെ യഥാർത്ഥ ജലവിഹിതം ആനുപാതികമായി പുനർനിർണ്ണയിക്കാത്തതുകൊണ്ട് പറമ്പിക്കുളം ഗ്രൂപ്പിൽ നിന്നും കേരളത്തിലെ പാലക്കാട് ജില്ലയ്ക്ക് ലഭ്യമാക്കേണ്ട ജലം തരാതിരിക്കുന്നത് തമിഴ്നാടിനു ലഭിക്കുന്ന പ്രയോജനമാണ്.

(സി) നിയമ നടപടികളിലേക്ക് നീങ്ങിയാലുണ്ടാകാവുന്ന കാലതാമസം പരിഗണിച്ച് ഉഭയകക്ഷി ചർച്ചകളിലൂടെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുവാനാണ് ഇരുസംസ്ഥാനങ്ങളും ശ്രമിക്കുന്നത്.

(ഡി) ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ നിയമോപദേശത്തിന് വിധേയമായി ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഇ) ഇതിന് കരാറിൽ വ്യവസ്ഥയില്ല.

മണക്കടവ് വിയറിൽ നിന്നും ലഭിക്കുന്ന വെള്ളം ചോർത്തൽ

81 [3778] *ശ്രീ. എം. എ. വാഹീദ്:*
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. കെ. ബാബു:
,, *എൻ. ഡി. അപ്പച്ചൻ:*
,, *എം. എ. ചന്ദ്രശേഖരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണക്കടവ് വിയറിൽ നിന്നും സംസ്ഥാനത്തിന് എത്ര വെള്ളമാണ് കിട്ടേണ്ടത്;

(ബി) ഇക്കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര വെള്ളം വീതമാണ് കേരളത്തിന് കിട്ടിയിട്ടുള്ളത്;

(സി) ഇപ്രകാരം തരുന്ന വെള്ളത്തിൽ ഫ്ളഡ് വാട്ടർ പെടുമോ;

(ഡി) മണക്കടവിൽ നിന്ന് കേരളത്തിന് വിട്ടുതരുന്ന വെള്ളം തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള കനാലിലും പ്രദേശത്തും കൂടിയാണോ കേരളത്തിലെത്തേണ്ടത്;

LIBRARY ARCHIVES Kerala Legislative Assembly